➪ ബുദ്ധിജീവികളെയും ജനകീയ സംഘടനകളെയും തീർച്ചയായും ഞെട്ടിച്ചിരിക്കയാണ് ➪

# മഹാമാരിയുടെ മറവിലെ അന്താരാഷ്ട്ര കൊള്ളകൾ

കോവിഡ് 19ന്റെയും അതിന്റെ ആഘാതത്തിന്റെയും വേളയിൽ പോലും, ഇന്ത്യയിലെ മാത്രമല്ല മിക്ക വികസ്വര രാഷ്ട്രങ്ങളിലെയും സർക്കാരുകളുടെ സാമ്പത്തികവും ധനകാര്യവുമായ തന്ത്രങ്ങളുടെയും മറ്റും ഊന്നൽ വൻതോതിലുള്ള ഉത്പാദനത്തിലും ഭീമൻ പ്രോജക്ടുകളിലുമാണ്. ആരെല്ലാമാണ് ഇതിൽ ലാഭം കാണുന്നവർ? എന്താണ് ഇക്കാര്യത്തിൽ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്?

**മേധാ പട്കർ**

സെന്റർ ഫോർ ഫിനാൻഷ്യൽ അക്കൗണ്ടബിലിറ്റി പ്രസിദ്ധീകരിച്ച 'മഹാമാരി: കടന്നുകയറ്റത്തിനുള്ള മറ' എന്ന പുസ്തകത്തിന്റെ അവതാരിക

**മഹാമാരിയായ** കൊറോണയും ലോക്ക്ഡൗണും ഇന്ത്യയിലെയും ലോകത്തിലെയും സാധാരണ പൗരന്മാരുടെ ജീവിതത്തെയും ജീവനോപാധികളെയും വരിഞ്ഞു മുറുക്കയാണ് ചെയ്തത്. അവർ അടച്ചിടപ്പെടുക മാത്രമല്ല, തൊഴിലില്ലായ്മ മുതൽ ഭക്ഷ്യസുരക്ഷിതത്വമില്ലായ്മ വരെയുള്ള നിരവധി പ്രശ്നങ്ങളുടെ കെണിയിലകപ്പെടുക കൂടി ചെയ്യുമ്പോൾ ഭരണ വരേണ്യവർഗ്ഗം 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' സൗകര്യപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങളെടുക്കുന്നതിലും നടപടികൾ കൈക്കൊള്ളുന്നതിലും വ്യാപൃതരാണ്. ഈ ബിസിനസ്സ് തൊഴിലാളികൾക്ക് ജീവിക്കാനാവശ്യമായ വേതനവുമായും അന്തസ്സുള്ള ജീവിതനിലവാരവുമായും ബന്ധപ്പെട്ട, ഗ്രാമീണ ഇന്ത്യയിലെ വ്യക്തിഗതമോ സഹകരണാടിസ്ഥാനത്തിലോ ഉള്ള കുടിൽ വ്യവസായങ്ങളുടേതല്ല. ഭരണഘടനയുടെ അനുഛേദം 43ൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശക തത്വങ്ങളനുസരിച്ച് ഭരണകൂടത്തിന്റെ കടമ ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്നതാണ്. കോവിഡ് 19ന്റെയും അതിന്റെ ആഘാതത്തിന്റെയും വേളയിൽ പോലും, ഇന്ത്യയിലെ മാത്രമല്ല മിക്ക വികസ്വര രാഷ്ട്രങ്ങളിലെയും സർക്കാരുകളുടെ സാമ്പത്തികവും ധനകാര്യവുമായ തന്ത്രങ്ങളുടെയും മറ്റും ഊന്നൽ വൻതോതിലുള്ള ഉത്പാദനത്തിലും ഭീമൻ പ്രോജക്ടുകളിലുമാണ്.

അധ്വാനവർഗ്ഗത്തിന്റെ സ്വാതന്ത്ര്യാനന്തര പോരാട്ടങ്ങളുടെ നേട്ടമായ തൊഴിൽ നിയമങ്ങളും, അതുപോലെതന്നെ പരിസ്ഥിതി നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിന് അല്ലെങ്കിൽ റദ്ദാക്കുന്നതിനുള്ള ഭയലേശമില്ലാത്ത തീരുമാനങ്ങൾ സൂക്ഷ്മബോധവും വിവേകവുള്ള ബുദ്ധിജീവികളെയും ജനകീയ സംഘടനകളെയും തീർച്ചയായും ഞെട്ടിച്ചിരിക്കയാണ്. എന്നിരുന്നാലും ഇതിനു പിന്നിലെ ശക്തികളുടെ ഇടപെടലുകളുടെ സ്വാധീനങ്ങൾ പലർക്കും അജ്ഞാതമാണ്. സെന്റർ ഫോർ ഫിനാൻഷ്യൽ അക്കൗണ്ടബിലിറ്റി പുറത്തിറക്കുന്ന ഈ പുസ്തകം അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾക്കും അവരുടെ ദുരന്ത ധനസഹായത്തിനും ഇക്കാര്യത്തിലുള്ള പ്രത്യക്ഷവും പരോക്ഷവുമായ പങ്ക് വെളിച്ചത്തുകൊണ്ടുവരുന്നു.

ഇന്ത്യൻ പൗരന്മാർ ആത്മനിർഭർ ഭാരത് പോലെയുള്ള മുദ്രാവാക്യങ്ങളുടെ ഒരു പതിദ്ധ്വനി കേൾക്കുമ്പോൾ തന്നെ വൻതോതിലുള്ള കടബാദ്ധ്യതകളുടെ കാര്യത്തിൽ ധനസഹായം നല്ക്കുന്നവരുടെ പ്രവർത്തനങ്ങൾക്കും അവരുമായുള്ള നിബന്ധനകൾ നിറഞ്ഞ കരാറുകൾക്കുമു

*➪ അവരുടെ അനൗപചാരികവും എന്നാൽ അതേസമയം തന്നെ ശക്തവുമായ ഇടപെടൽ ഇന്നും തുടർന്നുപോന്നു ➪*



ള്ള ഉത്തരവാദിത്തത്തെ കുറിച്ച് ഗ്രാഹ്യവും അവബോധവുമുണ്ടാക്കണം. സാമ്പത്തിക മാന്ദ്യത്തിനെതിരെയുള്ള പോരാട്ടങ്ങൾ നടത്തുന്ന സംഘടനകളെക്കാളും പ്രസ്ഥാനങ്ങളെക്കാളും കൂടുതലായി ബാധിക്കപ്പെട്ടിരിക്കുന്നത് പൗരജനങ്ങളാണ്. കാരണം മൗലികവും ഭരണഘടനാപരവുമായ മനുഷ്യാവകാശങ്ങൾ നേടിയെടുക്കുന്നതിൽ തങ്ങൾക്ക് താങ്ങായി ദശാബ്ദങ്ങളായി വർത്തിച്ചുകൊണ്ടിരുന്ന നിയമവ്യവസ്ഥ ദുർബ്ബലപ്പെടുന്നതിന്റെ തിക്തഫലം അഭിമുഖീകരിക്കുന്നത് അവരാണ്. തീർച്ചയായും അവർ 'പരിജ്ഞാനം' നേടുകയും, തങ്ങളുടെ പോരാട്ടം പ്രാദേശികവും ദേശീയവുമായ തലങ്ങൾക്കപ്പുറം അന്താരാഷ്ട്ര തലങ്ങളിലേക്ക് കൊണ്ടുപോകേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുകയും ചെയ്യും.

സാമ്പത്തിക സഹായങ്ങളിലൂടെ തങ്ങൾ വരുതിയിലാക്കുന്ന രാഷ്ട്രങ്ങളുടെ പരിപ്രേക്ഷ്യത്തിൽ തന്നെ അവയുടെ നയങ്ങളിൽ തങ്ങളുടെ തന്ത്രപരമായ ഇൻപുട്ടുകൾ ഉൾച്ചേർക്കുന്ന കാര്യത്തിൽ ബഹുകക്ഷി വികസന ബാങ്കുകളുടെ പാടവം പ്രസിദ്ധമാണ്. അവരുടെ ഭാഗത്ത് നിന്നുള്ള ഘടനാപരമായത് മാത്രമല്ല, വ്യവസ്ഥയിലെയും കൈകടത്തലുകൾ രാജ്യങ്ങളുടെ പരമാധികാരത്തെ കുറിച്ച് അവബോധവും ഉത്കണ്ഠയുമുള്ള എല്ലാവരും വെല്ലുവിളിക്കുന്നു ഇന്ത്യയെ പോലുള്ള ഒരു രാജ്യത്ത് അന്താരാഷ്ട്ര ധനകാര്യ കരാറുകളുമായി ബന്ധപ്പെട്ട ആസൂത്രണത്തിലും നിർവഹണത്തിലും എന്തെങ്കിലും ജനാധിപത്യ പ്രകിയയോ അല്ലെങ്കിൽ ഒരു പാർലമെന്ററി മേൽനോട്ടമോ പോലുമില്ല എന്നത് പ്രമുഖ വ്യക്തികളും സംഘടനകളും വർഷങ്ങളായി ഉന്നയിക്കുന്ന ഒരു വിഷയമാണെങ്കിലും അവർ നിശബ്ദരാക്കപ്പെടുകയാണ്. ഈ പശ്ചാത്തലത്തിൽ, ഇന്ത്യയുടെ ആസൂത്രണ കമ്മിഷനിൽ ലോകബാങ്കിന്റെ പ്രതിനിധികളെ എടുക്കുന്നതിനുള്ള നീക്കത്തെ ഇടതുപക്ഷ രാഷ്ട്രീയക്കാർ 90കളുടെ അവസാനം വിജയകരമായി വെല്ലുവിളിച്ചു. അവരുടെ അനൗപചാരികവും എന്നാൽ അതേസമയം തന്നെ ശക്തവുമായ ഇടപെടൽ ഇന്നും തുടർന്നുപോന്നു. വൈദ്യസേവനം എന്ന നിലയിൽ ആരോഗ്യത്തിലും, ലോക്ക്ഡൗണിനെ തുടർന്നുള്ള സാമൂഹികവും സാമ്പത്തികവുമായി തകർച്ചയോടുള്ള പ്രതികരണം എന്ന നിലയിൽ ഭക്ഷ്യസുരക്ഷാ, ജീവനോപാധി പിന്തുണയിലും നടത്തിയ നിർണായക നിക്ഷേപങ്ങളെ കുറിച്ചുള്ള വിലയേറിയ വിവരങ്ങൾ ഈ പുസ്തകത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

വർത്തമാനകാലത്ത് നാം കാണുന്നത് പോലെയുള്ള ഒരു അഭൂതപൂർവ്വമായ പ്രതിസന്ധി

*⇨ നേട്ടം ലഭിക്കുമെന്ന് പരിചയസമ്പത്തില്ലാതെ ഇക്കാര്യങ്ങളെ വിലയിരുത്തുന്ന നിഷ്കളങ്കർക്കു മാത്രമേ വിശ്വസിക്കാനാവൂ ⇨*

യിൽ അന്താരാഷ്ട്ര പിന്തുണ അത്യന്താപേക്ഷിതമാണ് എന്ന കാര്യത്തിൽ സംശയമില്ല. അതിനാൽ ഇന്ത്യ മാത്രമല്ല ആക്രമണത്തിനു കീഴിലായ ചെറുതും വലുതുമായ സമ്പദ്‌വ്യവസ്ഥകളുള്ള പല രാജ്യങ്ങളും രണ്ടാം ലോകയുദ്ധാനന്തര ബ്രട്ടൻവുഡ് സ്ഥാപനങ്ങളെ ഈ യുദ്ധസമാന സാഹചര്യത്തിൽ ആശ്രയിക്കുകയാണ്. അഞ്ച് ബില്യൺ യു.എസ്. ഡോളർ മൂല്യമുള്ള വായ്പകൾ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ലോക്ക്ഡൗണിനു കീഴിലായിരുന്നപ്പോൾ, സാമ്പത്തികസഹായം നല്കുന്നവർക്ക് ഭരണഘടനാതീതവും ജനാധിപത്യവിരുദ്ധവുമായ ഇടവും പദവിയും സൃഷ്ടിച്ചുനല്കിയോ എന്നതാണ് ചോദ്യം. തൊഴിൽ നിയമങ്ങളുടെ കാര്യത്തിൽ പിന്നാക്കം പോകുന്നതും, പരിസ്ഥിതി നിയമങ്ങളിലൂടെ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നതും, അതുപോലെതന്നെ ഊർജ്ജ മേഖലയിലെ നിയമ ഭേദഗതികളും നമുക്കറിയാവുന്നത് പോലെ എപ്പോഴും നവലിബറൽ പരിഷ്കാര അജണ്ടയുടെ അവിഭാജ്യ ഘടകമാണ്. ലോക ബാങ്ക്, എ.ഡി. ബി. എ) ഐ.ഐ.ബി, ന്യൂ ഡവലപ്മെന്റ് ബാങ്ക് എന്നിവയുമൊത്തുള്ള കരാറുകൾക്ക് മുന്നോടിയായി രാജ്യത്തെമ്പാടും പ്രതിഷേധമുയർത്തിയ ഘടനാപരമായ നയങ്ങളിലുണ്ടായ പരിഷ്കരണങ്ങളെ വിപ്ലവകരമായ മാറ്റങ്ങൾ എന്ന് വിശേഷിപ്പിച്ചിരുന്നില്ലേ? മൂന്ന് ട്രില്യൻ ഡോളർ സമ്പദ്‌വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം അത്ര ഗണ്യമായ അളവിലുള്ളതായി കാണപ്പെടാത്ത ഈ ധനകാര്യ ഇൻപുട്ടുകൾക്ക് ആരോഗ്യം, അടിസ്ഥാനഘടന, ഉല്പാദനം എന്നിവ മുതൽ ഭൂമി, കൃഷി, ജലം, ഊർജ്ജം എന്നിവ വരെയുള്ള മേഖലകളിൽ കോർപറേറ്റ് വത്കരണത്തിനുള്ള വ്യാപകവും ആഴത്തിലുള്ളതുമായ ഡാറ്റാ ശേഖരണ, പരിഷ്കാര പിന്തുണയോടു കൂടി ആസൂത്രണത്തിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്നതിന് വിദേശ കരങ്ങൾക്കായി ഒരു അജണ്ട ഉണ്ടോ? ധനസഹായങ്ങൾ പൊതുമേഖലയുടെ സ്ഥാനം സ്വകാര്യ കോർപറേറ്റുകൾ കൈയ്യടക്കുന്നതിന് ആക്കം കൂട്ടുകയും അങ്ങനെ പ്രാന്തവത്കരിക്കപ്പെട്ട സമൂഹങ്ങളെ അവരുടെ ന്യായമായ സാമ്പത്തിക സാമൂഹ്യ ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കുകയുമാണോ? ഡാറ്റാബോധമുള്ള ബാങ്കുകൾ, ഡാറ്റ ആസൂത്രണപ്രക്രിയയിൽ ഉപയോഗപ്രദമായ വിഭവങ്ങളാണെന്ന് വീമ്പിളക്കിക്കൊണ്ട്, നിയമപരമായ മുൻഗണനകൾ മുതൽ സാങ്കേതികവിദ്യയുടെ തെരഞ്ഞെടുപ്പുകൾ വരെയുള്ള തീരുമാനങ്ങളിൽ അവിഹിതമായ കൈകടത്തൽ നടത്താൻ സാദ്ധ്യതയുണ്ടോ? അനിതരസാധാരണമായ ഈ രൂപാന്തരീകരണങ്ങൾ തൊഴിലില്ലായ്മയും അരക്ഷിതത്വവും മൂലം ഇതിനോടകം തന്നെ പ്രഹരമേറ്റിരിക്കുന്ന സാധാരണ പൗരന്മാരുടെ താല്പര്യങ്ങൾക്കും, അവകാശങ്ങൾക്കും, അടിസ്ഥാന ആവശ്യങ്ങൾക്കും എതിരായി ഇന്ത്യൻ സമ്പദ്വ്യവസ്ഥയ്ക്കും ഭരണ സംവിധാനത്തിനും ഹാനിവരുത്താൻ പോകുകയാണോ?

ഐ.എഫ്.ഐ.കളും എം.ഡി.ബി.കളും അതുപോലെതന്നെ ഉഭയകക്ഷി സാമ്പത്തികസ്ഥാപനങ്ങളും അവലംബിച്ചിരിക്കുന്ന പദാവലി ഇപ്പോൾ ഒട്ടുംതന്നെ പരമപവിത്രമായി കണക്കാക്കപ്പെടുന്നില്ല. സാമൂഹ്യ സുരക്ഷ, സാമൂഹ്യവും സാമ്പത്തികവുമായ പ്രവർത്തനങ്ങളുടെ വീണ്ടെടുപ്പ്, നിർണായക ആരോഗ്യ പരിചരണം, ജീവനോപാധികൾക്കുള്ള പിന്തുണ എന്നിവ ആകർഷകങ്ങളാണ് എന്നതിൽ സംശയമില്ല. എങ്കിലും കോവിഡ്-19 മൂലം ബാധിക്കപ്പെട്ടിരിക്കുന്ന ജനസാമാന്യത്തിനോ തൊഴിലിന് പ്രാധാന്യമുള്ള ചെറുകിട വ്യവസായങ്ങൾക്കോ പോലും മുൻഗണനാ മേഖലകൾ എന്ന നിലയിൽ ഈ വായ്പകളുടെയും കരാറുകളുടെയും നേട്ടം ലഭിക്കുമെന്ന് പരിചയസമ്പത്തില്ലാതെ ഇക്കാര്യങ്ങളെ വിലയിരുത്തുന്ന നിഷ്കളങ്കർക്കു മാത്രമേ വിശ്വസിക്കാനാവൂ. നേപ്പാളും ഇന്ത്യാനേഷ്യയും പോലെയുള്ള രാജ്യങ്ങളിൽ ഇതിനോടകം തന്നെ ദുരന്തനിവാരണ സാമ്പത്തിക സഹായം മുഖേന ഉളവായതും അഭിവൃദ്ധിപ്പെട്ടതും സ്വകാര്യവത്കരണമാണെന്നത് പ്രത്യക്ഷമാണ്. ഉത്തരാഖണ്ഡ്, കാശ്മീർ സംസ്ഥാനങ്ങളിലും എന്തിന് കേരളത്തിൽ പോലും ധനകാര്യ പിന്തുണയിലൂടെ കടന്നുകയറ്റങ്ങൾ നടക്കുന്നു എന്നത് കൂടുതൽ വ്യക്തമാണ്. പൊതുമേഖല, ഭരണകൂടത്തിന്റെ ക്ഷേമപ്രവർത്തനങ്ങളും ഉത്തരവാദിത്തവും അതുപോലെതന്നെ സമൂഹത്തിന്റെ ആവശ്യങ്ങൾക്കും അവശതയനുഭവിക്കുന്നവർക്കും അനുകൂലമായ മുൻഗണനാക്രമം നിശ്ചയിക്കൽ എന്നിവ ബലികഴിച്ച് സ്വകാര്യ കോർപറേറ്റുകളുടെയും ലാഭമെടുക്കലിന്റെയും വ്യാപകമായ ആധിപത്യത്തെ ഗവേഷകർ മുതൽ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ആക്ടിവിസ്റ്റുകൾ വരെ തുറന്നുകാട്ടുന്നുണ്ട്. ഇവയെല്ലാം മുതലാളിത്ത സ്വഭാവത്തിലുള്ള ദുരന്ത നിവാരണത്തിന്റെയും പ്രതികരണത്തിന്റെയും പശ്ചാത്തലത്തിൽ ശ്രദ്ധിക്കപ്പെടാതെയോ അവഗണിക്കപ്പെട്ടോ പോയിരിക്കുന്നു. ഫെഡറൽ, ഭരണഘടനാ ചട്ടക്കൂടുകളും ജനാധിപത്യ, പരമാധികാര ആസൂത്രണപ്രക്രിയകളും തുരങ്കം വയ്ക്കപ്പെടുന്നതാണ് നാം ഇന്ന് ദേശീയതലത്തിൽ കണ്ടുകൊണ്ടിരിക്കന്നത് ഭരണകൂടത്തിന്റെ മാത്രമല്ല ജനങ്ങ

➪ *അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളായ എം.ഡി.ബി.കളെ മാത്രമാണോ കുറ്റപ്പെടുത്തേണ്ടതെന്ന് ആരും ചോദിച്ചേക്കാം* ➪

ളെ മുൻനിർത്തിയുള്ള വികസന ആസൂത്രണങ്ങളുടെ മുൻകാലങ്ങളിലുണ്ടായിട്ടില്ലാത്തവിധത്തിലുള്ള തിരിച്ചുപോക്ക് ഈ പുസ്തകത്തിൽ അവലോകനം ചെയ്യപ്പെടുന്ന അന്താരാഷ ക രാറുകളുടെ സ്പഷ്ടമായ ലക്ഷ്യങ്ങൾക്കും പ്രഖ്യാപിത ഉദ്ദേശ്യങ്ങൾക്കും വിരുദ്ധമാണ്. ബാങ്കിംഗ്, എണ്ണ, വാതകം, ഡിജിറ്റലൈസേഷൻ, ഖനനം എന്നിവ ഖജനാവ് കൊള്ളയടിക്കുന്നതിനായി കോർപറേറ്റ് കളിക്കാർക്ക് കൈമാറുന്ന മേഖലകലാണ്. നർമ്മദ, അമരാവതി സിറ്റി, ടാറ്റാ മൂൻഡ പവർ പ്രോജക്ട് എന്നിവയിലെയും അതുപോലെതന്നെ അടിസ്ഥാനഘടനാ, ജലസേചന പ്രോജക്ടുകളിലെയും എം.ഡി.ബി.കളുടെ പ്രോജക്ട് അധിഷ്ഠിതം മുതൽ സെക്ടറൽ തലത്തിൽ വരെയുള്ള നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട് അവർ നടത്തുന്ന നിയമലംഘനങ്ങൾ വെളിച്ചത്തുവന്നിട്ടുണ്ട്. ഈ നിക്ഷേപങ്ങൾ നമ്മുടെ സ്വന്തം സർക്കാരുകൾ മുഖേനയാണ് എത്തുന്നതെങ്കിൽ പോലും ഇത്തരം നിയമലംഘനങ്ങൾ തുടരുകയാണ്. സ്റ്റിഗ്ലിറ്റ്സ് മുതലിങ്ങോട്ടുള്ളവർ ഇക്കാര്യത്തിൽ എം.ഡി.ബി.കളുടെ പങ്കും അജണ്ടയും ആഗോളതലത്തിൽ തന്നെ വീണ്ടും വീണ്ടും വെളിപ്പെടുത്തിയിട്ടുണ്ട്. പാരിസ്ഥിതിക അധികാരപരിധികളെ അവഗണിക്കുന്നത് മുതൽ തൊഴിൽ നിയമ സംരക്ഷണത്തിൽ ഇളവുകൾ നൽകുന്നത് വരെയുള്ള കാര്യങ്ങളിൽ സമ്മർദ്ദവും പ്രോത്സാഹനവും ചെലുത്തപ്പെടുന്നു. ധനസഹായ വിഹിതത്തിന്റെ ഒരു ചെറിയ ശതമാനം പരാതി പരിഹാരത്തിനും നഷ്ടപരിഹാര ആനുകൂല്യങ്ങൾക്കുമായി മാറ്റിവച്ചിട്ടുണ്ട് എന്നതിൽ തർക്കമില്ലെങ്കിൽ പോലും, അവ കാലാവസ്ഥാ വ്യതിയാനം മുതൽ ദുരന്തലഘൂകരണമോ നഷ്ടപരിഹാരമോ കൂടാതെയുള്ള കുടിയൊഴിപ്പിക്കൽ വരെയുള്ള അസ്വീകാര്യവും അന്യായവുമായ പദ്ധതികളാണ് കൊണ്ടുവരുന്നത്. വർദ്ധിതമായ ചൂഷണം, കുടിയൊഴിപ്പിക്കലുകൾ, കാലാവസ്ഥാ വ്യതിയാനം, ചുഴലിക്കാറ്റുകളും വെള്ളപ്പൊക്കങ്ങളും പോലുള്ള പ്രകൃതി ദുരന്തങ്ങൾ എന്നിവയെല്ലാം പ്രകൃതിവിഭവങ്ങളെയും ജീവനോപാധികളെയും നശിപ്പിക്കുകയും സാമൂഹ്യവും രാഷ്ട്രീയവുമായ പ്രതിഷേധങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്നു.

സെന്റർ ഫോർ ഫിനാൻഷ്യൽ അക്കൗണ്ടബിളിറ്റി 30 കോടി സാധാരണ ജനങ്ങളുടെ മേൽ ഭാരമേൽപ്പിച്ചുകൊണ്ടുള്ള വായ്പാ കരാറുകളെ ആഴത്തിൽ പരിശോധിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്ന വിലയേറിയ ഒരു കർത്തവ്യം നിർവഹിച്ചിരിക്കുകയാണ്. പാർലമെന്റുകൾ മിക്കവാറും അടഞ്ഞുകിടക്കുകയും, ബഹുജന മുന്നേറ്റങ്ങൾ നിരോധിക്കപ്പെടുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലും പൂട്ടിക്കിടക്കുകയും ചെയ്തിരിക്കുമ്പോൾ തിരശീലകൾക്ക് പിന്നിൽ നടക്കുന്ന നീക്കങ്ങൾ പൊതുജന സമക്ഷം അവതരിപ്പിക്കപ്പെടുകയാണ്. ഇതിന് ജാഗ്രതയുള്ള കാവൽക്കാരാകാനാവുന്ന ഉത്കണ്ഠാകുലരായ പൗരന്മാരെ ബോധവാന്മാരാക്കാനും, പൗരജനങ്ങൾ വർഷങ്ങളോളം ചുമക്കാൻ പോകുന്ന കടഭാരത്തിന്റെ യഥാർത്ഥ ഗുണഭോക്താക്കൾക്കായുള്ള കൂടുതൽ വിശദമായ തിരച്ചിലിന് തുടക്കം കുറിക്കാനുമാവും. അതിലും കൂടുതൽ പ്രാധാന്യമർഹിക്കുന്നത് ആഗോള കോർപ്പറേറ്റ് സഖ്യങ്ങൾ, ഇന്ത്യയുടെ ജനസംഖ്യയുടെ കുറഞ്ഞത് 80 ശതമാനം വിശേഷിച്ചും സുരക്ഷിതരല്ലാത്ത അദ്ധ്വാനവർഗ്ഗം അഭിമുഖീകരിക്കുന്ന ഗുരുതരമായ അരക്ഷിതാവസ്ഥ ഇതേവരെയും പരിഹരിച്ചിട്ടില്ലാത്ത പ്രഖ്യാപിത സ്കീമുകളെയും ക്ഷേമ നടപടികളെയും കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള അവബോധത്തിനായിരിക്കും. ഈ നിർണ്ണായക അറിവ് എത്രയും പെട്ടെന്ന് താഴെത്തട്ടുകളിലെ വിജ്ഞാനമാക്കുന്നതിന് സി.എഫ്.എ.യ്ക്ക് സാധിക്കും. അവർ അതിനുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കണം.

എല്ലാ കോർപ്പറേറ്റ്, നവമുതലാളിത്ത കടന്നുകയറ്റത്തിനും അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളായ എം.ഡി.ബി.കളെ മാത്രമാണോ കുറ്റപ്പെടുത്തേണ്ടതെന്ന് ആരും ചോദിച്ചേക്കാം. കാര്യങ്ങൾ തീരുമാനിക്കുന്ന തലങ്ങളിലിരുക്കുന്ന, ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ ജനപ്രതിനിധികൾക്ക് ഒരുത്തവാദിത്തവുമില്ലേ? തീർച്ചയായും ഉണ്ട് ! അവരെയാണ് ആദ്യം വെല്ലുവിളിക്കേണ്ടതും, നവലിബറൽ, നവകൊളോണിയൽ പരിവർത്തകർ എന്ന നിലയിൽ ആഗോള ധനവിതരണ കേന്ദ്രങ്ങളിൽ നിന്ന് സ്വീകരിച്ചതും, സ്വരൂപിച്ചതും, ശേഖരിച്ചതുമായ പണം എവിടെ എന്ന കാര്യത്തിൽ ചോദ്യം ചെയ്യേണ്ടതും. അവർ ഇറക്കുമതി കയറ്റുമതി രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് തുറന്നുകൊടുക്കുന്നത് കേവലം വിപണി മാത്രമല്ല, മറിച്ച് ധനകാര്യത്തിന് ഉപരിയായി ജനാധിപത്യ വേദിയിലെ രാഷ്ട്രീയ-സാമ്പത്തിക ഇടവും, ഭരണത്തെ പോലുമാണ്. രാജ്യം കടുത്ത നാശവും, ഒഴിവാക്കപ്പെടലും അരക്ഷിതത്വവും വഹിക്കേണ്ടി വരുന്നതിന് ആഗോളതലത്തിൽ കളിക്കുന്നവരും അവരുടെ കളികളും ഉത്തരവാദികളായിരിക്കുമ്പോൾ അവരെ ചോദ്യം ചെയ്യാതിരിക്കാനാവില്ല. രാജ്യത്തെ രക്ഷിക്കാനുള്ള ഈ യഥാർത്ഥ ജനാധിപത്യ പ്രക്രിയയിൽ സി.എഫ്.എ. തീർച്ചയായും ഒരു പ്രധാന പങ്ക് വഹിക്കും. ■